## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വേങ്ങര നിയോജകമണ്ഡലം എം.എൻ. ലക്ഷം വീട് പദ്ധതികളിൽ ഉൾപ്പെട്ട വീടുകളുടെ പുനർനിർമ്മാണം സംബന്ധിച്ച മുൻ ഉത്തരവിൽ നിന്നും 100 ലക്ഷം രൂപയുടെ പ്രവൃത്തിയെ ഒഴിവാക്കി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ) നം.726/17/തസ്വഭവ    തിരുവനന്തപുരം, തീയതി :16/03/2017.

---

പരാമർശം -1) സ.ഉ(സാധാ) നം.52/2016/തസ്വഭവ,തസ്വഭവ, തീയതി 06/01/2016

2) സ.ഉ(സാധാ) നം.596/2016/ തസ്വഭവ, തീയതി 12/02/2016

3) സ.ഉ(സാധാ) നം.1020/2016/ തസ്വഭവ, തീയതി 02/03/2016

4) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19/8/2016 ലെ ഡിബി4-2437/14/സിഇ/തസ്വഭവ നം കത്ത്.

### ഉത്തരവ്

വേങ്ങര നിയോജകമണ്ഡലത്തിൽ എം.എൻ. ലക്ഷം വീട് പദ്ധതികളിൽ ഉൾപ്പെട്ട വീടുകളുടെ പുനർനിർമ്മാണം നടത്തുന്നതിനായി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം എം.എൽ.എ-യുടെ 2015-16-ലെ ആസ്തിവികസന ഫണ്ടിൽ നിന്നും (20 വീടുകൾക്ക് 5.00 ലക്ഷം രൂപ നിരക്കിൽ) 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം ബഹു. എം.എൽ.എ-യുടെ 2014-15-ലെ ആസ്തിവികസന ഫണ്ടിൽ നിന്നും എം.എൻ. ലക്ഷം വീടുകളുടെ പുനർ നിർമ്മാണത്തിനായി 295.00 ലക്ഷം രൂപയുടെ (5.00 ലക്ഷം രൂപ നിരക്കിൽ 23 വീടുകൾക്കും, 4.00 ലക്ഷം രൂപ നിരക്കിൽ 45 വീടുകൾക്കും) ഭരണാനുമതിയും നൽകിയിരുന്നു.

പരാമർശം ഒന്ന് പ്രകാരമുള്ള 100.00 ലക്ഷം രൂപയുടെയും പരാമർശം രണ്ട് പ്രകാരമുള്ള 295.00 ലക്ഷം രൂപയുടെയും പ്രവൃത്തികൾ SILK മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുവാൻ പരാമർശം മൂന്ന് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

എന്നാൽ പരാമർശം ഒന്ന് പ്രകാരമുള്ള 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്ന പ്രവൃത്തി മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 16-2-2016-ൽ ടെണ്ടർ ചെയ്യുകയും, ആയതിൽ പങ്കെടുത്ത 5 കരാറുകാരിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 5.57% കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത ശ്രീ.പി.എം.മുഹമ്മദലി, പുള്ളിയിൽ മാടശ്ശേരി വീട്. മേൽമുറി പി.ഒ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ടി കരാറുകാരൻ 23-02-

2016-ന് ഉടമ്പടി വെച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ് എന്ന് മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത വിവരം പരാമർശം 4 പ്രകാരം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി ലഭ്യമായ 100.00 ലക്ഷം രൂപയുടെ പ്രവൃത്തി മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സുതാര്യമായി ഇ-ടെണ്ടർ ചെയ്ത് കരാറുകാരനുമായി ഉടമ്പടി വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ ടി പ്രവൃത്തി ടെണ്ടർ ചെയ്ത നടപടിയ്ക്ക് അംഗീകാരം നൽകിയും, പ്രവൃത്തിയുടെ നിർവ്വഹണത്തെ സംബന്ധിച്ചുള്ള പരാമർശം 3 ലെ ഉത്തരവിൽ നിന്നും ടി പ്രവൃത്തിയെ ഒഴിവാക്കിയും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം നാല് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി ലഭ്യമായ പ്രവൃത്തി, നടപടി ക്രമങ്ങൾ പാലിച്ച് മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത പ്രവൃത്തിക്ക് അംഗീകാരം നൽകിയും, പരാമർശം മൂന്നിലെ ഉത്തരവിൽ നിന്നും പരാമർശം ഒന്നിലെ ഉത്തരവിലെ പ്രവൃത്തിയെ ഒഴിവാക്കി, ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വിഭാഗം,ജില്ല പഞ്ചായത്ത്, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകിരക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ